SUNDAY 24-10-2021 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -24/10/2021

1. സംസ്ഥാനത്തുണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ചിട്ടുള്ള കർഷകർക്ക് നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാര അപേക്ഷകളിൽ നടപടി 30 ദിവസത്തിനകം പൂർത്തിയാക്കുന്നതാണെന്ന് കൃഷിമന്ത്രി പി. പ്രസാദ് അറിയിച്ചു. വിളനാശം സംഭവിച്ചിട്ടുള്ള കർഷകർക്ക് വിള നാശത്തിനുള്ള നഷ്ടപരിഹാരത്തിന് പുറമേ കൃഷി പുനസ്ഥാപിക്കുന്നതിനായി പല ആനുകൂല്യങ്ങളും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. വിത്ത് വിതച്ച ശേഷം വെള്ളം കയറി വിത നഷ്ടപ്പെട്ട കർഷകർക്ക് നെൽവിത്ത് പൂർണമായും സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതായിരിക്കും. കൂടാതെ പാടശേഖരങ്ങളിൽ മടവീഴ്ച മൂലം കൃഷി നാശം സംഭവിച്ച മേഖലകളിൽ പുറം ബണ്ട് കെട്ടുന്നതിനും ബണ്ടുകളുടെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനും ആയി സർക്കാരിൽനിന്നും പ്രത്യേകം ധനസഹായം അനുവദിക്കുമെന്ന് കൃഷിമന്ത്രി അറിയിച്ചു. കാർഷിക വിളകൾ ഇൻഷ്വർ ചെയ്തിട്ടുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഉള്ള നഷ്ടപരിഹാരത്തുകയും ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള തുകയും ലഭിക്കും. വിളകൾ ഇൻഷ്വർ ചെയ്യാത്ത കർഷകർക്ക് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നുള്ള നഷ്ടപരിഹാര തുകയാണ് ലഭിക്കുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

2. ജില്ലാതലത്തിൽ ദുരന്തനിവാരണ വകുപ്പിൽ നിന്നുള്ള ധനസഹായം കർഷകർക്ക് സമയബന്ധിതമായി എത്തിക്കുന്നതിന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി വകുപ്പുകൾക്ക് നിർദ്ദേശം നല്കി. ധനസഹായ വിതരണത്തിനുള്ള അപേക്ഷ ക്ഷണിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രളയത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായ കർഷകർ അതാതു പഞ്ചായത്തിലെ മൃഗാശുപത്രിയിലെ വെറ്ററിനറി സർജന്റെ ഓഫീസിലോ, ക്ഷീരവികസന വകുപ്പിന്റെ ബ്ലോക്ക് തലത്തിലെ ഓഫീസിലോ പത്ത് ദിവസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. വെള്ളപ്പൊക്കകെടുതിയിൽ വളർത്തു മൃഗങ്ങളെ നഷ്ടമായവർക്ക് മതിയായ നഷ്ടപരിഹാരം നല്കുമെന്ന് മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. പ്രളയ മേഖലയിൽ പാൽ ഉത്പാദനത്തിൽ കുറവ് വന്നവർക്ക് നേരത്തെ നഅളന്ന പാലിന്റെ 40 ശതമാനം തുക ഉടനെ തന്നെ വിതരണം ചെയ്യും. ഇൻഷ്വർ ചെയ്ത കന്നുകാലികൾക്ക് ക്ലെയിം വരുന്ന പക്ഷം എത്രയും വേഗം ഇൻഷ്വറൻസ് തുക വിതരണം ചെയ്യും.

4. ദുരന്തനിവാരണ നിയമം അനുസരിച്ച് പശുക്കളെ നഷ്ടപ്പെട്ടവർക്കു സഹായമായി പശു ഒന്നിന് 30,000 രൂപ സർക്കാർ നഷ്ട പരിഹാരം നൽകും. പശുക്കിടാവിന് 15000 രൂപയും കോഴികൾക്ക് 200 രൂപയും നഷ്ടപരിഹാരമായി നൽകും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

5. ക്ഷീരവികസന വകുപ്പ് വാർഷിക പദ്ധതി 2021-22 ലെ **'ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായം'** പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പു വരുത്തുന്നതു ലക്ഷ്യമിട്ട് മാനേജീരിയൽ ധനസഹായം നൽകുന്നു. 2020-2021 വർഷം 250 ലിറ്ററിൽ താഴെ ശരാശരി പ്രതിദിന സംഭരണം ഉള്ള ക്ഷീരസംഘങ്ങൾക്ക് പ്രസ്തുത ധനസഹായ പദ്ധതിയ്ക്കായി അപേക്ഷിക്കാവുന്നതാണ്. ക്ഷീരസംഘം സെക്രട്ടറി, പ്രൊക്യുർമെന്റ് അസിസ്റ്റന്റ് എന്നിവർക്ക് വേതനം നൽകുന്നതിനായി ഒരു ക്ഷീരസംഘത്തിന് പരമാവധി 35,000/- രൂപ വാർഷിക ധനസഹായം ലഭിക്കും. ക്ഷീരസംഘങ്ങൾ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകളിൽ നിശ്ചിത അപേക്ഷാ ഫോമുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

6. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 45 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380** ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കുഞ്ഞൊന്നിനു 160 രൂപയാണ് വില. മുൻകൂട്ടി ബുക്ക് ചെയ്തവർക്ക് നേരിട്ട് വന്ന് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ 5 മണിവരെ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് **9495000923** (കൊട്ടിയം) എന്ന നമ്പരിൽ രാവിലെ 10 മണി മുതൽ 5 മണി വരെയുള്ള സമയങ്ങളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. ഭിന്നശേഷിക്കാർക്കുള്ള 6 മാസത്തെ **ഹോർട്ടികൾച്ചർതെറാപ്പി** പരിശീലനപരിപാടിക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. പന്ത്രണ്ടാംക്ലാസ്സ് പൂർത്തീകരിച്ച 18 വയസ്സിനു മുകളിലുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഉൾപ്പടെ അപേക്ഷിക്കേണ്ടതാണ്. ഡിപ്പാർട്ടുമെൻറ് ഓഫ് കമ്മ്യൂണിറ്റി സയൻസ് കാർഷികകോളേജ്, വെള്ളായണി – 695522 എന്ന വിലാസത്തിൽ അപേക്ഷയും ബയോഡാറ്റയും ഈ മാസം 25-ന് (25/10/2021ന്) രാവിലെ 9.30 നു മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോമിനായി http://coavellayani.kau.in/ml/event/16396 എന്ന കോളേജ് വെബ്സൈറ്റ് സന്ദർശിക്കുക.

9. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **"കാർഷികാഭിവൃദ്ധി– ഊർജ്ജസംരക്ഷണത്തിലൂടെ"** എന്ന വിഷയത്തിൽ കർഷകർക്കായി ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുന്നു. ആദ്യത്തെ 50 പേർക്കാണ് പ്രവേശനം. താൽപര്യമുള്ളവർ കൃഷി വിജ്ഞാന കേന്ദ്രവുമായി **9400483754, 9447654148** എന്നീ നമ്പരുകളിൽ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർനഴ്സറിപരിപാലനത്തിൽ** പരിശീലനം നൽകുന്നു. **മികച്ച നടീൽവസ്തുക്കളുടെ ഉത്പാദനത്തിനുള്ള വിവിധ പ്രജനനമാർഗങ്ങൾ, നഴ്സറിപരിപാലനം** എന്നിവയിലുള്ള പരിശീലനം ഒക്ടോബർ 25, 26 തീയതികളിൽ കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.